# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

PRINTED MATTER

PRINTED MATTER

എ. കെ. പി. സി. ടി. എ. ജേർണൽ.
1981 ജൂൺ

GOVERNMENT OF KERALA

**ABSTRACT**

Colleges--strike by a Section of the College Teachers from 4-2-1981 withdrawal and rejoining duty-Orders issued-

HIGHER EDUCATION (D) DEPARTMENT

G. O RT. No. 796/81/H. Edn. Dated, Trivandrum. 22-4-1981

Read:- Letter dated, 18-3-1981 from Shri· R. Ramachandran Nair, Chairman, Action Council of college Teachers' Associations, Trivandrum,

ORDER

The Action Council of the College Teachers' Associations, who had launched a Strike from 4-2-1981, had in its resolution dt· 1-3-1981 resolved to withdraw from the strike and also requested the teachers who where on strike, to report for duty not later than 3-3-1981· In the letter read above the Chairman of the Action Council of College Teachers' Associations, has requested that all those teachers who had accordingly reported for duty, consequent on the withdrawal of the strike may be ordered to be deemed to have joined duty with effect from 1-3-1981.

2. Govt. have considered the matter in detail and are pleased to order that those teachers in the Government and Private Colleges, who had, consequent on the withdrawal of their strike, rejoined duty in their respective colleges, either on 2-3-1981 or 3-3-1981, will be deemed as having joined duty with effect from the forenoon of 1-3-1981 (Sunday), for purposes of drawal of their salary.

(By order of the Governor)

Sd/- THOMS CHERIAN,

Joint Secretary to Govt.

**For Comfortable Stay**

# KAYCEES

**the most modern and luxurious lodge**

Y. M. C. A. Road, KOTTAYAM

Phone: 3440

PRINTED MATTER
PRINTED MATTER
PRINTED MAT

# ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാൻ വൈകരുത്

പണിമുടക്കു സമരത്തോടനുബന്ധിച്ച് ഫെബ്രുവരി 28–ാം തീയതി ഗവൺമെന്റും സംയുക്ത സമരസമിതിയുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിലെ വ്യവസ്ഥകളനുസരിച്ചുള്ള ഓർഡറുകൾ പുറപ്പെടുവിക്കാനും, മറ്റുനടപടികൾ സ്വീകരിക്കാനും ഉടൻതന്നെ കേരള സർക്കാർ തയ്യാറാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ചിലനടപടികൾ സർക്കാർഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഏൺഡ്ലീവ് അനുവദിച്ചുകൊണ്ടുള്ള ഓർഡർ പുറപ്പെടുവിച്ചു. ഒത്തുതീർപ്പുവ്യവസ്ഥകൾ വേഗംതന്നെ നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചു. ഒത്തുതീർപ്പുവ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കുന്നതാണെന്ന് അടുത്തദിവസങ്ങളിൽ വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവനയുമുണ്ടായി. ഇതെല്ലാം ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ സാധാരണ സർക്കാർകാര്യങ്ങളിൽ കാണുന്ന കാലതാമസം തന്നെ ഇക്കാര്യത്തിലും കാണുന്നുണ്ട്.

യു. ജി. സി. സ്കെയിൽ തത്ത്വത്തിലംഗീകരിച്ച സർക്കാർ അതു നടപ്പിലാക്കുന്നതിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി നാളിതുവരെ ചർച്ചകളാരംഭിച്ചിട്ടില്ല. ഇന്ത്യയിൽ, കേരളത്തിൽ മാത്രമേ ഇനി ഈ സ്കെയിൽ നടപ്പിലാക്കാനുള്ളൂ. പണിമുടക്കിലെ പ്രധാന പ്രശ്നവും യു. ജി. സി. സ്ക്കെയിലായിരുന്നു. കേന്ദ്രവുമായി ചർച്ചചെയ്യാൻ, മന്ത്രിസഭാതലത്തിലുള്ള നിവേദക സംഘം പോകുന്നതാണെന്ന് കുറച്ചു ദിവസങ്ങൾക്കുമുമ്പ് സംയുക്ത സമരസമിതി നേതാക്കൾ വിദ്യാഭ്യാസമന്ത്രിയെക്കണ്ടപ്പോൾ അദ്ദേഹം പറയുകയുണ്ടായി. അതിനിനിയും കാലതാമസമുണ്ടായിക്കൂട. അതുപോലെ യൂണിവേഴ്സിറ്റി നിയമഭേദഗതിയെന്ന കരിനിയമം പിൻവലിക്കാമെന്ന് സമരത്തിന്റെ ഒത്തുതീർപ്പായി ഗവൺമെന്റു സമ്മതിച്ചു. പക്ഷേ അതിപ്പോഴും നിലനില്ക്കുകയാണ്. നടപടികളിൽ കാലതാമസമുണ്ടാകുമെങ്കിൽ, ഒരു ഓർഡിനൻസിലൂടെ ഈ കരിനിയമം എടുത്തുകളയാവുന്നതേയുള്ളൂ.

സ്ഥലം മാറ്റത്തിന് വ്യക്തമായ മാനദണ്ഡമുണ്ടാക്കുന്നതിനുവേണ്ടി മാനേജുമെന്റുകളുമായുള്ള ചർച്ചകളും നടന്നിട്ടില്ല സമരത്തിനുശേഷം, മാനേജുമെന്റുകൾ വ്യാപകമായ സ്ഥലം മാറ്റങ്ങൾ നടത്തിയിരിക്കയാണ്. സമരസമിതി ചെയർമാൻ, കൺവീനർ എന്നിവരുൾപ്പെടെ സംഘടനാ പ്രവർത്തകരായ ഒട്ടുമിക്ക ആളുകളേയും അസൗകര്യമായ സ്ഥലങ്ങളിലേക്ക് മാറ്റിയിരിക്കുന്നു. യൂണിവേർസിറ്റി നിയമത്തിലെ 64–ാംവകുപ്പു നടപ്പിലാക്കിക്കൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണേണ്ടകാലം അതിക്രമിച്ചിരിക്കയാണ് ഇതുപോലെതന്നെ മറ്റുഡിമാൻറുകളുടെ കാര്യത്തിലും സത്വര നടപടികളെടുക്കാൻ സർക്കാർ തയ്യാറാകണം.

ഡൈസ്നോൺ പ്രശ്നത്തിൽ ഈ സർക്കാരിന്റെ നയം പ്രഖ്യാപിക്കുകയുണ്ടായെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ഭൂരിപക്ഷം ജീവനക്കാർ പണിമുടക്കിയാൽ ഡൈസ്നോൺ ഇല്ല എന്ന ആ നയമനുസരിച്ച് കോളേജധ്യാപക സമരത്തിന് ഡൈസ്നോൺ ബാധകമാവില്ല. അല്ലെങ്കിൽത്തന്നെ അധ്യാപകരെന്നനിലയിൽ – പാഠഭാഗങ്ങൾ പഠിപ്പിച്ചുതീർക്കുന്നതുകൊണ്ട് – ഡയറക്ട്പേമെന്റ് സമരകാലത്തുനൽകിയതുപോലെ ഇപ്പോഴും ശമ്പളം നൽകേണ്ടതാണ്. എന്നാൽ പണിമുടക്കുകഴിഞ്ഞ് മാസങ്ങളായിട്ടും ഈ പ്രശ്നത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയുന്നില്ലെന്നത് ഇക്കാര്യത്തിൽ സർക്കാരിനു തന്നെ വേണ്ടത്ര വ്യക്തതയില്ലെന്നതിന്റെ സൂചനയാണ്.

ഒത്തു തീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലും പണിമുടക്കുകാലത്തെ ശമ്പളം നൽകുന്നതിലും ഗവൺമെന്റ് ഭാഗത്ത് ഇന്നു കാണുന്ന 'മെല്ലെപ്പോക്കുനയം' അവസാനിപ്പിക്കണമെന്ന് ഒരിക്കൽക്കൂടി ഞങ്ങൾ ആവശ്യപ്പെടുന്നു. ○

കേരള പ്രൈവറ്റ് കോളേജ് ടീച്ചർ ☐ പത്രാധിപസമിതി: വി. നാരായണൻകുട്ടി ☐ ജി. മാധവൻ നായർ ☐ എൻ. ഭാർഗവൻ ☐ എം. ആർ. ചന്ദ്രശേഖരൻ ☐ പി. രവീന്ദ്രനാഥ് ☐ വി.എൻ. മുരളി.

# ഒരു മാനേജുമെൻറി ൻെറ പരാക്രമം

എ. കെ. പി. സി. ടി. എ. യുടെ എൻ.
എസ്. എസ. കോളേജ് ടീച്ചേർസ് കോ-ഓർ
ഡിനേഷൻ കൗൺസിൽ സെക്രട്ടറിയായ ഡോ.
പി. എസ്. പണിക്കർക്ക് എൻ. എസ് എസ്.
മാനേജുമെൻറ് ഷോക്കോസ് നോട്ടീസ് കൊടു
ത്തിരിയ്ക്കുന്നു! ഒരു പ്രമേയം മാനേജുമെൻറിനയ
ച്ചുകൊടുത്തതാണ് അദ്ദേഹം ചെയ്തകുററം.
ഒരു സെക്രട്ടറി, തൻെറ സംഘടന പാസ്സാക്കിയ
പ്രമേയം മാനേജുമെൻറിനയച്ചുകൊടുത്ത
തിന് അയാളുടെ പേരിൽ വ്യക്തിപരമായ
നിലയിൽ അച്ചടക്ക നടപടി എടുക്കുക എന്ന
ത് കേട്ടുകേഴ്വിപോലുമില്ലാത്തതാണ്. എ
ന്നാൽ എൻ. എസ്. എസ്. മാനേജുമെൻറ്
ഇപ്പോഴ് അതിനുംമുതിർന്നിരിക്കുന്നു.

എൻ. എസ്. എസ്. മാനേജ്മെൻറ് ഈ
കഴിഞ്ഞ ഡിസംബറിൽ വിവിധ കോളേജുക
ളിലെ അദ്ധ്യാപകരിൽനിന്നും, തൃശൂർവച്ച്
നടത്തിയ സമസ്ത കേരള നായർ മഹാസമ്മേ
ളനത്തിൻെറ പേരിൽ, മാനേജ്മെൻറിൻെറ അ
ധികാരം അവിഹിതമായി ഉപയോഗിച്ചും ഭീ
ഷണിപ്പെടുത്തിയും വ്യാപകമായി പണപ്പി
രിവ് നടത്തുകയുണ്ടായി. എന്നാൽ എൻ.
എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ-ഓർ
ഡിനേഷൻ കൗൺസിലിൻെറ ആഹ്വാനമനുസ
രിച്ച് അതാത് കോളേജുകളിലെ എ. കെ. പി
സി. ടി. എ. യുടെ നേതൃത്വത്തിൽ അദ്ധ്യാ
പകർ ശക്തിയായി എതിർത്തതുമൂലം ഉദ്ദേ
ശിച്ച രീതിയിൽ പണപ്പിരിവ് വിജയിച്ചില്ല.
11–12–80–ൽ കൂടിയ കോ–ഓർഡിനേഷൻ
കൗൺസിൽ, എൻ. എസ്. എസ്. മാനേജ്മെ
ൻറ് അധികാര ദുർവിനിയോഗം നടത്തി അ
ധ്യാപകരിൽനിന്ന് നിർബ്ബന്ധിതപ്പിരിവ്
നടത്തുന്നതിൽ പ്രതിഷേധിച്ച് പ്രമേയം പാ
സ്സാക്കുകയുണ്ടായി. ഈ പ്രമേയം സെക്രട്ടറി
മാനേജ്മെൻറിനയച്ചുകൊടുക്കുകയും ചെയ്തു.
ഇതിൽ ക്ഷോഭിച്ച എൻ. എസ്. എസ്. മാനേ
ജ്മെൻറ്, കോ–ഓർഡിനേഷൻ കൗൺസിൽ
സെക്രട്ടറി ഡോ. പണിക്കരുടെ മേൽ "ഗുരു
തരമായ പെരുമാററക്കുററം" ആരോപിക്കുക
യും (Memo No. D/21/81 dt 23-3–81)
"അച്ചടക്കനടപടി കൈക്കൊള്ളാതിരിക്കാൻ
എന്തെങ്കിലും കാരണമുണ്ടെങ്കിൽ ബോധിപ്പി
ക്കാൻ" ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു!

എ. കെ. പി. സി. ടി. എ പ്രവർത്തകസ
മിതിയും കോ–ഓർഡിനേഷൻ കൗൺസിലും,
സംഘടനാ സ്വാതന്ത്ര്യത്തിൻമേൽ മാനേജുമെ
ൻറു നടത്തിയിരിക്കുന്ന ഈ കടന്നാക്രമണ
ത്തിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടു
ത്തിയിട്ടുണ്ട്.

---



## പ്രൊഫ. സുകുമാരൻനായർ അന്തരിച്ചു.

എം. ജി. കോളേജിലെ കോമേഴ്സ് അ
ധ്യാപകനും എ. കെ. പി. സി. ടി. എ യുടെ
സജീവ പ്രവർത്തകനുമായിരുന്ന പ്രൊഫ.
സുകുമാരൻനായർ (42) ഹൃദയസ്തംഭനം മൂലം
കൊല്ലത്തുവച്ച് ജൂൺ 5 ന് അന്തരിച്ചു. കൊല്ല
ത്ത് കേന്ദ്രീകൃത പരിശോധനാക്യാമ്പിൽ പ
ങ്കെടുത്തു വരികയായിരുന്നു പ്രൊഫ. സുക
മാരൻനായർ.

എ. കെ. പി. സി. ടി. എ. പ്രവർത്തകർ
പരേതൻെറ പെരുമണിലുള്ള വസതിയിലെ
ത്തി അന്തിമോപചാരങ്ങൾ അർപ്പിച്ചു.

# അദ്ധ്യാപക പ്രസ്ഥാനങ്ങളുടെ പരിപ്രേക്ഷ്യം

## പി. കെ. രാജൻ

ആയിരത്തിതൊള്ളായിരത്തി അമ്പതുകളിലായിരുന്നു ഇന്ത്യയിലെങ്ങും അധ്യാപകപ്രസ്ഥാനങ്ങൾ വ്യാപകമായി രൂപമെടുക്കുവാനും ശക്തിപ്രാപിക്കുവാനും തുടങ്ങിയത്. കഴിഞ്ഞ മൂന്നു ദശാബ്ദങ്ങൾക്കുള്ളിൽ ജനകീയ പ്രസ്ഥാനങ്ങൾ എന്ന നിലയിൽ അവയ്ക്കുണ്ടായ വളർച്ച രാജ്യത്തെമ്പാടുമുണ്ടായ ബഹുജനപ്രസ്ഥാന വികാസത്തിന്റെ ഭാഗമെന്ന നിലയിലായിരുന്നു. അധ്യാപകസംഘടനകൾ ഈ കാലഘട്ടത്തിനുമുമ്പും നിലനിന്നിരുന്നു എങ്കിലും, ഇന്നത്തെയർഥത്തിൽ ജയകീയസ്വഭാവം ആർജിച്ച പ്രസ്ഥാനങ്ങളായി അവ വളർന്നത്, ഈ പൊതുമുന്നേററത്തിന്റെ പശ്ചാത്തലത്തിലായിരുന്നു എന്ന് നിസ്സംശയം പറയാം. എന്തെന്ത് ഭൗതിക സാഹചര്യങ്ങളിൽനിന്നാണോ വിവിധ മണ്ഡലങ്ങളിൽ ബഹുജനസംഘടനകൾ വളർന്നു ശക്തിയാർജിച്ചത്, അതേ ഭൗതികസാഹചര്യങ്ങൾ തന്നെയായിരുന്നു അധ്യാപകസംഘടനകളുടേയും ജനനത്തിനും വളർച്ചയ്ക്കും വഴിതെളിച്ചത്.

ഇന്ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും, സ്കൂളധ്യാപകരുടെയും കോളജധ്യാപകരുടെയും ശക്തമായ പ്രസ്ഥാനങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. വിവിധ സംസ്ഥാനങ്ങളിലെ അധ്യപകസംഘടനകളെ കോർത്തിണക്കുന്ന, ദേശീയാടിസ്ഥാനത്തിൽ രൂപീകൃതമായിട്ടുള്ള, ഫെഡറേഷനുകളും പ്രവർത്തിക്കുന്നു. തികച്ചും അടിയന്തിരമായ ജീവൽപ്രശ്നങ്ങളെ ആധാരമാക്കി, അധ്യാപകരെ ആകമാനം അണിനിരത്തി, ശക്തമായ പ്രക്ഷോഭങ്ങളിലൂടെ, ഏററവും കുറഞ്ഞകാലം കൊണ്ടുതന്നെ കെട്ടുറപ്പുള്ള ഒരു പ്രസ്ഥാനം വളർത്തിയെടുക്കുകയും, അധ്യാപകരുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിൽ അദ്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത സംസ്ഥനമാണ് നമ്മുടേത്. പുരോഗമന ബഹുജനങ്ങളുടെ വളർച്ച താരതമ്യേന മന്ദഗതിയിൽമാത്രം നടക്കുന്ന നമ്മുടെ അയൽ സംസ്ഥാനമായ തമിഴ് നാട്ടിലും, ഇന്ന് വളരെയേറെ ശക്തി പ്രാപിച്ച ഒരു പ്രസ്ഥാനം കോളജ് അധ്യാപകർക്കുണ്ട്. മഹാരാഷ്ട്രാ, പശ്ചിമബംഗാൾ, ആന്ധ്രാ, ഒറീസാ തുടങ്ങി മററു സംസ്ഥാനങ്ങളിലെയും സ്ഥിതി ഒട്ടും ഭിന്നമല്ല.

വിവിധ സംസ്ഥാനങ്ങളിലുള്ള അധ്യാപകപ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന ഒരു സവിശേഷത അവയുടെ പൊതുസ്വഭാവമാണ്. നിരന്തരമായ പ്രക്ഷോഭങ്ങളിലൂടെയും യാതനകളിലൂടെയുമാണ് പ്രസ്ഥാനങ്ങൾ വളർന്നിട്ടുള്ളത് എല്ലായിടത്തും. ഒരേ ശക്തികൾ തന്നെയായിരുന്നു എല്ലായിടത്തും അധ്യാപകരുടെ പൊതുതാത്പര്യങ്ങൾക്കെതിരായി നിന്നത്: ഒന്ന്, മതത്തിന്റെയോ ജാതിയുടെയോ അല്ലെങ്കിൽ സാമ്പത്തിക ശക്തിയുടെയോ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുകയും ജനകീയ വിരുദ്ധസ്വഭാവം പുലർത്തുകയും ചെയ്യുന്ന സ്വകാര്യമാനേജ്മെൻറുകൾ; രണ്ട്, ഇത്തരം മാനേജ്മെൻറുകളുടേതിൽനിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത ഒരു കാഴ്ചപ്പാടോടെ, നിക്ഷിപ്ത താത്പര്യങ്ങൾക്കുവേണ്ടി നില കൊള്ളുന്ന സർവകലാശാലകളും അവയുടെ ഭരണസംവിധാനവും; മൂന്ന്, സ്വകാര്യമാനേ

ജ്മെൻറുകൾക്കും, അവ പ്രതിനിധാനം ചെയ്യുന്ന എല്ലാ സാമൂഹ്യശക്തികൾക്കും ഒളിഞ്ഞും തെളിഞ്ഞും പിന്തുണ നൽകുന്ന ബ്യൂറോക്രസി; നാല്, ജനകീയ താത്പര്യവിരുദ്ധമായ ഭരണകൂടം (ഭരണഘടന, നിയമസംഹിതകൾ എന്നിങ്ങനെ). അധ്യാപകരുടെ സംഘടിത മുന്നേററത്തിനു വിരുദ്ധമായി എല്ലായിടത്തും അണിനിരന്ന ശക്തികൾ ഇവതന്നെയായിരുന്നു.

കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി നമ്മുടെ രാജ്യത്തെ കലാലയരംഗത്ത് നിലനില്ക്കുന്ന രൂക്ഷമായ സംഘർഷങ്ങളിൽ മൗലികമായ ഒരു ചേരിതിരിവ് വളരെ വ്യക്തമായി കാണാം. സ്വകാര്യമാനേജ്മെൻറ്—സർവകലാശാല—ബ്യൂറോക്രസി—ഭരണകൂടം ഇവയുടേതായ ഒരു 'പവർകോംപ്ളക്സ്' ഒരു ഭാഗത്തും, ജനാധിപത്യാവകാശങ്ങൾ നേടിയെടുക്കുവാനും പരിരക്ഷിക്കുവാനും വേണ്ടി, ത്യാഗസന്നദ്ധരായി, സമരരംഗത്തു നിൽക്കുന്ന അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും മറുഭാഗത്തും. ഓരോരോ പ്രക്ഷോഭങ്ങൾ വെവ്വേറെ പരിശോധിച്ചാൽ ഇപ്പറഞ്ഞതിൽ ചെറിയ മാററങ്ങളൊക്കെ കണ്ടേക്കാമെങ്കിലും, വിശാലമായി നോക്കിയാൽ ഇങ്ങനെ വ്യക്തമായൊരു ചേരിതിരിവ്, അതിൻെറ എല്ലാ സങ്കീർണ്ണതയോടുംകൂടി നിലനില്ക്കുന്നു എന്നുകാണാം.

പ്രക്ഷോഭങ്ങൾ പരിശോധിച്ചാൽ ഡിമാൻറുകളുടെയും മുദ്രാവാക്യങ്ങളുടെയും കാര്യത്തിൽ ഈ ഐകരൂപ്യം പ്രകടമാണ്. സർവീസ് സുരക്ഷിതത്വം, ഡയറക്ട് പേമെൻറ്, മെച്ചപ്പെട്ട സേവനവ്യവസ്ഥകൾ, ഉയർന്ന ശമ്പളസ്ക്കെയിലുകൾ, സർവകലാശാലാ നിയമങ്ങളുടെ ജനാധിപത്യവൽക്കരണം, ന്യൂനപക്ഷസ്ഥാപനങ്ങളിലെ അധ്യാപകർക്ക് സംരക്ഷണം തുടങ്ങിയ ഡിമാൻറുകൾ തന്നെയാണ് എല്ലാ സംസ്ഥാനങ്ങളിലും അധ്യാപകസമരങ്ങൾക്കു പൊതുവായുള്ളത്. നേരത്തെ സൂചിപ്പിച്ച അതേ ശക്തികൾ തന്നെയാണ് ഈ പ്രശ്നങ്ങളിൽ എല്ലായിടത്തും അധ്യാപകവിരുദ്ധ നിലപാട് സ്വീകരിച്ചിട്ടുള്ളതും.

ഈ ചേരിതിരിവ് തീർച്ചയായും ആകസ്മികമല്ല. നമ്മുടെ സമൂഹത്തിൽ ഇന്ന് നിലനില്ക്കുന്ന അടിസ്ഥാനപരമായ ചേരിതിരിവിൻെറ, വൈരുധ്യത്തിൻെറ, പ്രതിഫലനം മാത്രമാണ് വിദ്യാഭ്യാസരംഗത്തും കാണുന്നത്. വിദ്യാഭ്യാസരംഗത്ത് ആധിപത്യം പുലർത്തുന്ന ശക്തികൾ, സമൂഹത്തിൽ മററെല്ലാ മണ്ഡലങ്ങളിലും ആധിപത്യം നിലനിർത്തുന്ന അതേ ശക്തികൾതന്നെയാണ്. സമൂഹത്തിൽ നടക്കുന്ന നിരന്തരമായ ചലനങ്ങളുടെയും മാററങ്ങളുടെയും പശ്ചാത്തലത്തിൽ വേണം, വിദ്യാഭ്യാസരംഗത്ത് മൊത്തത്തിലും അതിൻെറ ഭാഗമായി അധ്യാപകരംഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന ചലനങ്ങളെയും മാററങ്ങളെയും പരിശോധിക്കുവാൻ.

അർധഫ്യൂഡലിസ്ററ് — മുതലാളിത്ത ശക്തികൾക്കു മേധാവിത്വമുള്ള ഇന്നത്തെ നമ്മുടെ സമൂഹത്തിൽ, വിദ്യാഭ്യാസരംഗത്തെ എല്ലാ അധികാരങ്ങളും കയ്യടക്കിവെച്ചിരിക്കുന്നത് ഇതേ ശക്തികൾതന്നെയാണ്. ഈ ആധിപത്യം പല രൂപത്തിലും പ്രകടമാകുന്നു. ഉടമസ്ഥാവകാശത്തിൻെറ അടിസ്ഥാനത്തിൽ നോക്കുമ്പോൾ സ്വകാര്യകോളേജുകളിൽ മിക്കവാറും എല്ലാംതന്നെ ഈ ശക്തികളുടെ കൈകളിലാണെന്ന് കാണാം. ഇത് കേരളത്തിൽ മാത്രമല്ല, ഇന്ത്യയാകെയുള്ള ചിത്രമാണ്. ജൻമിമാർ, മതമേധാവികൾ, ജാതിമേധാവികൾ, മില്ലുടമകൾ, വ്യവസായ മുതലാളിമാർ—ഇവരൊക്കെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്വകാര്യസ്വത്തായി ഉപയോഗിക്കുന്നു. പലവിധത്തിലുള്ള ചൂഷണമാണ് ഫലം. സർവകലാശാലകളുടെ സംവിധാനം പരിശോധിക്കുമ്പോൾ (കേരളമുൾപ്പെടെ ചില സംസ്ഥാനങ്ങളിൽ വലിയ പരിവർത്തനങ്ങളുണ്ടായിട്ടുണ്ടെങ്കിലും), ഇതേ ശക്തികളുടെ നിയന്ത്രണത്തിന് വിധേയമായാണ്, കാര്യങ്ങളുടെ സ്ഥിതി. വൈസ്ചാൻസലർമാരെ നിയമിക്കുന്ന പാനലിൽപോലും പലയിടങ്ങളിലും മില്ലുടമകളും ജാതി—മതമേധാവികളുമാണുണ്ടായിരിക്കുക. ഏതാനുമായിരം രൂപ സംഭാവന നൽകിയാൽ നിയമവിധേയമായിതന്നെ സർവകലാശാലാസെനററിൽ അംഗത്വം ലഭി

(ശേഷം 16-ാം പേജിൽ)

# പ്രൊഫ. ജോയിയുടെ നേർക്കു നടന്ന ആക്രമണം

## കർശനമായ നടപടികളിലൂടെ ഈ പ്രവണത അവസാനിപ്പിക്കണം

To

The Hon'ble Minister for Home Affairs,
Government of Kerala,
Trivandrum.

Sir,

Attempt at life of Prof. K. T. Joy, Addl. Chief Superintendent of D. B. College, Thalayolaparambu - Regarding.

I write to bring to your notice a most unfortunate incident that occured at Thalayolaparambu on the evening of 5 May, '81 in connection with the conduct of University Examinations at D. B. College. Prof. K. T. Joy who was the Addl. Chief Superintendent at D. B. College, Thalayolaparambu was stabbed by one Sabu, IInd Pre-degree Student of that college. Sabu while attempting to do malpractice in the examination was caught redhanded by Prof. Joy and the case was reported to the University of Kerala. It was as an act of vengeance that he stabbed Prof. K. T. Joy twice on his back.

I need not tell you that this tendency on the part of miscreants should be immediately brought to an end. Unlike in the Universities in the Northern States of India there has ben comparatively a quiet atmosphere in the Colleges of our State. I hope stern action against culprits would end such tendencies and would boost the morale of the teachers doing invigilation work in connection with the University Examinations. Any slakness on the part of authorities to deel with such cases may, I am afraid, ultimately affect the standard of education and the credibility of University Examinations.

I, therefore, request you to consider this as a special case of criminal offence and issue immediate orders for arresting the culprit and proceeding with the case so that the criminal boy may be given exemplary punishment.

Yours faithfully,
Sd/-
(G. Madhavan Nair)
General Secretary, AKPCTA

Trivandrum
9-5-81

---

## മെമ്പർഷിപ്പ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

എ. കെ. പി. സി. ടി. എ. യുടെ അംഗസംഖ്യ ഓരോ വർഷം കഴിയും തോറും വർദ്ധിപ്പിച്ചുകൊണ്ടുവരുവാൻ നമുക്ക കഴിഞ്ഞിട്ടുണ്ട്. ഈ വർഷവും, ജൂണിൽത്തന്നെ മെമ്പർഷിപ്പു പ്രവർത്തനം ഊർജ്ജിതമായി നടത്തി പരമാവധി അധ്യാപകരെ അസോസിയേഷനിൽ ചേർക്കാൻ ബ്രാഞ്ചുസെക്രട്ടറിമാർ ശ്രദ്ധിക്കണം. പുതുതായി ധാരാളം അധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നുണ്ട്. അവരേയെല്ലാം അസോസിയേഷനിൽ അംഗങ്ങളാക്കുക.

മെമ്പർഷിപ്പു തുക, സംസ്ഥാന ട്രഷറർ പ്രൊഫ. എൻ. ഭാർഗവന്റെ (എസ്. എൻ. കോളേജ്, കണ്ണൂർ) പേർക്ക് അയച്ചുകൊടുക്കണം.

ജനറൽ സെക്രട്ടറി.

## നോൺ കേഡർ പ്രൊമോഷൻ

[നോൺ കേഡർ പ്രൊമോഷനുള്ള 'ഓപ്ഷൻ' സംബന്ധിച്ച ഈ ഓർഡർ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നതാണ്. എന്നാൽ ഇപ്പോഴും ഈ ഓർഡറിന്റെ പ്രാധാന്യം കണക്കിലെടുത്ത് വീണ്ടും പ്രസിദ്ധീകരിക്കുന്നു. ഈ 'ഓപ്ഷൻ' അംഗീകരിക്കേണ്ടത് ഡി. സി. ആണ്. ഒരു മാസത്തിനകം 'ഓപ്ഷൻ' കൊടുത്തിരിക്കണമെന്നതും ശ്രദ്ധിയ്ക്കുക.—എഡിറ്റർ.]

Copy of letter No. 36650/SD/FR. 75, Finance Department, Trivandrum, dated 21-10-1975 from the finance Secretary addressed to the Director of Collegiate Education, Trivandrum.

Sir,

Collegiate Education Department—Postponement of promotion as non-carde second grade professors by Collegiate Lecturers.

Ref: 1. G. O. MS. 142/75 / Finance dated 5-4-75

2. Lr. No. GAD 10/8/498 dated 19-6-75 from the A.G. Kerala.

I am directed to request you to instruct the College Lecturers, who have already been given promotion as Second Grade Professors based on length of service on or after 1-7-1973, to exercise option regarding the date of grade promotion, if they desire to do so under the G. O. cited within a period of three months. In future the promotions orders may contain a stipulation that the option, if any, regarding the date of promotion should be forwarded to the Director of Collegiate Education by the Private College Lecturers and to both the Director of Collegiate Education and the Accountant General by the Government College Lecturers within one month from the date of the order.

2. If no option is exercised within the time limit the lecturers will be deemed, to have accepted the promotion from the normal dates.

Yours faithfully,
Sd/-
For Finance Secretary

Endt. on B-3-54967/75/L. Dis, dated 30-10-75

Copy communicated to the Principals of All Government and Private Arts and Science Colleges, Sanskrit Colleges and Training Colleges. They are requested to bring the above fact to the notice of the teaching staff.

Copy to the Deputy Director of Collegiate Education, Quilon, Tripunithura, Calicut.

Copy to B1, B4, T & E Section and Stock file.

Sd/-
For D. C.

## ജേർണൽ വരിസംഖ്യ

എല്ലാ എ. കെ. പി. സി. ടി. എ. അംഗങ്ങളും ജേർണലിന്റെയും വരിക്കാരാകണം. വാർഷിക വരിസംഖ്യ അഞ്ചു രൂപ. എഡിറ്ററുടെ പേർക്ക് തുക അയയ്ക്കുക. (വസന്തം, കേശവദാസപുരം, തിരുവനന്തപുരം-4).

ജനറൽസെക്രട്ടറി

To,
The Hon'ble Minister for Education,
Govt. of Kerala,
Trivandrum.
Sir,

Sub : Follow-up action on implemeentation of U G C scales of pay-regarding.

Ref : Letter No. 1233/D2/81/H/Edn. dated 1-3-'81 from the Spl. Secretary to Govt: Higher Education.

As a part of the terms of settlement of the General Strike launched by the Action Council, the govt. have been pleased to accept the U. G. C Scheme in principle. In the letter cited above the govt. agreed to the implementation of the scheme only if the govt. of India agreed to some modification in the conditions relating to the recruitment to teachers and financial assistance for the implementation of the scheme. The State Govt. have also assured us that they would be taking up the matter with the govt. of India and would take a decision on the matter of implementation of the scheme within six months. It is nearby three months since this assurance was given to us.

We are sorry to inform you that we are in the dark regarding the steps taken by the state govt. in this direction. As you know, this was the most important demand of the teachers. It is sensitive too so far as teachers are concerned since ours is the only state in India which have not implemented the third salary revison of the U G C under reference.

The teachers who withdraw the 25 day strike with assurance of the govt. are highly agitated to find that the state govt. to our knowledge, has not taken any concrete step to fulfil the assurance.

We feel that since policy decision on the part of the govt. of India are involved in this issue, a high-level discussion at the cabinet level alone could find a feasible solution. We equest you, Sir, that urgent steps in this direction may please be taken by the state Govt.

Hoping that you will take the initiative and personal interest in this mater.

Trivandrum,
20-1-1981.

Yours faithfully,
Sd/-
Prof: R. R. C. Nair,
Chairman.
Action Council of College Teeachers Assns.

Copy to: 1) The Hon'ble Chief Minister, Govt. of Kerala.
2) The Hon'ble Finance Minister Govt. of Kerala.
3) The Special Secretary to Govt., Higher Education, Govt. of Kerala.

---

To
The Hon'ble Minister for Education,
Govt. of Kerala, Trivandrum.
Sir,

Sub : University Amendment Act 1978-repeal-orders- regarding.

Ref : Letter No. 1233/D2/81/H.Edn. dated 1-3-'81 from the Special Secretary to Govt. Higher Edn.

With reference to the above we are submitting this memorandum for your kind perusal and immediate action.

In the letter cited above the government have agreed to repeal the University Amendment Act, 1978. This black law is still in the statute Book. We hoped that the government would take speedy steps to repeal this law. It is nearby three months since the terms of settlement were finalised. But we are grieved to note that the government have not yet taken any step to repeal the provision. This attitude on the part of the government in this matter really disappoints us. May we request you, Sir, to take immediate steps to issue an ordinance repealing the university Amendment Act, 1978.

Yours faithfully,
Prof: R. R. C. Nair,
Chairman.

Trivandrnm,
20-5-1981.

## ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കുക

To
The Hon'ble Minister for Education,
Government of Kerala.
Trivandrum.

Sir,

Sub: Section 64 of the Kerala/Calicut University Acts - implementation-request for

Ref: Letter No. 1233/D2/81H-Edn. dated 1-3-1981 from the Special Secretary to Government, Higher Education (B) Department.

The Teachers working in Private Colleges under Corporate Managements have been subjected to untold misery and hardship as a result of indiscriminate and frequent transfers. Transfer has been used as a very powerful weapon by corporate Managements in general and by the N. S. S. Management in particular to harass teachers. You may be shocked to note that Prof. M. P. Raghavakurup of N. S. S. service who died Six years after retirement could not get his pension owing to continual transfers and consequent complications. As you are aware, inter-university transfers further complicate the affair causing often legal hurdles-which prevent the teachers from getting salary for more than a year. Now there are several cases where teachers of more than fifteen years service are denied their salary since they have been transferred from the Kerala University to the posts created in the Calicut University as a result of the introduction of the shift system. The Universities are not in a position to come to their rescue owing to jurisdictional limitations.

It was to put an end to this gross injustice that the Government included section 64 in the University Acts. As part of the settlement referred to above the Government had agreed to initiate steps for formulating norms for transfer. We may in this connection draw your attention to the following facts;

(1) The N. S. S. Management has this year order a general transfer of teachers sufficiently early victimising many of them, including the Chairman and a Convener of the Action Council.

(2) The N. S. S. Management has in this order violated all the norms laid down by the two Universities regarding transfer of teachers in corporate Managements. It may please be noted that these norms were formulated by the universities in consultation with the representatives of the Corporate Managements.

As is clear the norms for transfers have only the force of a gentleman's agreement. If the President of the Managements Association, viz. Sri. A. N. Gopalakrishna Pillai, who is also a member of the Kerala University Syndicate which formluated these transfer norms blatantly violates them, you can well imagine the plight of the teachers who are governed by these norms. That is why we have been repeatedly requesting the Government for implementing section 64 of the University Acts which alone will prohibit inter-university transfers with sanction of law and there by avoid to a very great extent large scale injustice done to teachers.

We are surprised to find that at a time when the Government has agreed to formulate norms for transfer of teachers in Corporate Managements, the N. S. S. Management has issued a general transfer order unprecedentedly victimising the

(ശേഷം 15–ാം പേജിൽ)

## ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കുക

# യൂണിവേർസിററികൾക്ക് നിവേദനം

To

The Vice-Chancellor,
University of Kerala/Calicut,
Trivandrum/Calicut.

Sir,

The All Kerala private College Teachers' Association and the Association of Kerala Government College Teachers have been repeatedly requesting the Universities of Kerala and Calicut for increasing the remuneration charges for valuation of answer scripts and travelling allowance for conducting University examinations. It is true that the Universities have increased the charge nominaly. But the increase effected has no connection whatsoever with the steep fall in the purchasing power of money. In one case the revised rates have adversely affected teachers. (The remuneration for Addl. Chief was fifteen rupees and that stands reduced to 12 50 rupees now) It may be noted that when the remuneration charges in the case of school teachers for valuations and invigilation work where almost doubled, those of College teachers have been increased only by small percentage.

It is really surprising to note that the University of Kerala has not so far increased the T.A. rates for teachers conducting practical examinations. We understand that the Universities of Kerala and Calicut have as a principle accepted uniform rates of remuneration for all types of examination work. The Calicut University has, for long been giving, fiftyfive paise per Kilometre as T. A. for conducting practical examinations whereas the Kerala University has been giving only ten paise per Kilometre as T. A. for the same purpose. The present rate of D.A. admissible to such teachers is far too inadequate to meet the expenses. Taking all these facts into consideration we request you to effect the following changes in the rates of remuneration and sanction the demands listed below:–

1. Sanction Rupees 25/-as D. A. and 0.95 paise per Kilometre as T. A. uniformly for all examination work.

2. Increase the rates of Valuation fee as follows:

   (a) Pre-degree Papers -Rs 2/-per answer book.

   (b) Degree -Rs.3/- „ „

   (c) Post Graduate -Rs.5/- „ „

3. Increase the remuneration charges for invigilation work as follows:

   One Session -Rs.10/-

   Two Sessions -Rs.20/-

   For Chief Superintendents and Addl. Chiefs. –Rs. 15/-for one Session and Rs. 25/-for two Sessions.

4. Sanction Compensatory Earned Leave for teachers engaged in Centralised Valuation Work.

5. Grant alternate Saturdays as holidays as in the case of Calicut University for teachers in Valuation Camps.

# കാലിക്കട്ട് യൂണിവേർസിററി

## സെനററ് യോഗം മാർച്ച് 27, 28

### നടപടി എടുക്കും

കോർപ്പറേററ് മാനേജുമെൻറിൻെറ കീഴിലുള്ള ജീവനക്കാരെ സ്ഥലംമാററുന്നതിന് കാലിക്കട്ട് യൂണിവേഴ്സിററി വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാക്കി ബന്ധപ്പെട്ട മാനേജുമെൻറുകളെ അറിയിച്ചിട്ടുണ്ടെന്നും, വ്യവസ്ഥകൾ ലംഘിക്കുന്ന മാനേജുമെൻറുകളുടെമേൽ യുക്തമായ നടപടികൾ എടുക്കുമെന്നും ഡോ. പി. എസ്. പണിക്കരുടെ ചോദ്യത്തിനു മറുപടിയായി യൂണിവേർസിററി, സെനററിന് ഉറപ്പുനൽകി.

### കാലതാമസം ഒഴിവാക്കും

പരീക്ഷാ സംബന്ധമായ ജോലികൾ ചെയ്യുന്ന അധ്യാപകർക്ക് നൽകേണ്ട പ്രതിഫലവും യാത്രപ്പടിയും നൽകുന്നതിൽ ഇപ്പോൾ വരുന്ന കാലതാമസം പരമാവധി ഒഴിവാക്കാൻ ശ്രമിയ്ക്കുന്നതാണെന്നു പ്രൊഫ. ടി. അബ്ദുൾഅസീസിൻെറ ചോദ്യത്തിനു മറുപടിയായി യൂണിവേർസിററി അറിയിച്ചു.

### എക്സാമിനർഷിപ്പ്

യൂണിവേർസിററിയുടെ കീഴിലുള്ള അധ്യാപകർക്ക് എക്സാമിനർഷിപ്പു നൽകുന്നത്, യൂണിവേർസിററി ഓഫീസിൽ സൂക്ഷിച്ചിരിയ്ക്കുന്ന റിക്കാർഡുകളുടേയും, ഇൻഡക്സ് കാർഡുകളുടേയും അടിസ്ഥാനത്തിലാണെന്ന് പ്രൊഫ. വി. കെ. രവീന്ദ്രനാഥിനെ അറിയിച്ചു.

### കോഴ്സുകളും കോളേജുകളും

1981–82 അധ്യയനവർഷത്തിൽ പുതിയ കോഴ്സുകളും പുതിയ കോളേജുകളും അനുവദിക്കുമ്പോൾ, സ്ററാററ്യൂട്ടറി നിബന്ധനകൾ ലംഘിക്കുന്ന വിദ്യാഭ്യാസ ഏജൻസികളെ ഒഴിവാക്കുന്നതാണെന്ന് പ്രൊഫ. കെ. സുകുമാരൻനായർക്ക് ഉറപ്പുനൽകി.

### നിർബന്ധിത പിരിവ്

എൻ. എസ്. എസ്. മാനേജുമെൻറ് സമസ്ത കേരള നായർ മഹാസമ്മേളനത്തോടനുബന്ധിച്ച് തങ്ങളുടെ കോളേജിലെ ജീവനക്കാരിൽ നിന്നും നിർബന്ധിതപ്പിരിവു നടത്തിയതിനെപ്പററി എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിലിൻെറ ഒരു പരാതി യൂണിവേർസിററിയിൽ ലഭിച്ചിട്ടുണ്ടെന്നും സെനററ്-സിൻഡിക്കേററ് അംഗങ്ങളടങ്ങിയ ഒരു കമ്മിററിയെക്കൊണ്ട് ഇതിനെപ്പററി അന്വേഷിപ്പിക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും ഡോ: പി. എസ്. പണിക്കർക്ക് യൂണിവേർസിററി മറുപടിനൽകി.

### അപ്രൂവൽ കാലതാമസം

1980–'81 അധ്യായന വർഷത്തിൽ കാലിക്കട്ട് യൂണിവേർസിററിയുടെ കീഴിലുള്ള പ്രൈവററ് കോളേജുകളിൽ നിയമിക്കപ്പെട്ട 352 അധ്യാപകരിൽ 188 അധ്യാപകർക്കുമാത്രമേ അംഗീകാരം നൽകിയിട്ടുള്ളുവെന്നും ബാക്കി ആ

# കേരള- യൂണിവേർ

ളുകൾക്ക് അംഗീകാരം നൽകാൻ താമസിക്കുന്നത് ബന്ധപെട്ട മാനേജുമെൻറുകളും, കേരളാ യൂണിവേർസിററിയും ആവശ്യമായ വിവരങ്ങൾ യഥാസമയം നൽകാത്തതുകൊണ്ടാണെന്നും പ്രൊഫ. കെ. സുകുമാരൻനായരെ അറിയിച്ചു. വിവരങ്ങൾ പെട്ടെന്നയച്ചുതരാൻ ബന്ധപ്പെട്ടവർക്ക് സർക്കുലർ അയച്ചിട്ടുണ്ടെന്നും അറിയിച്ചു.

### അടിയന്തിരപ്രമേയം

**ഷിഫ്ററ് തസ്തികകളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് വെക്കേഷൻ ശമ്പളം നൽകണം.**

ഡോ. പി. എസ്. പണിക്കർ, പ്രൊഫ. കെ. സുകുമാരൻനായർ, പ്രൊ. എ. കെ. രാഘവൻനമ്പ്യാർ, എൻ. ശിവരാജൻ എന്നിവർ നോട്ടീസ് നൽകിയതനുസരിച്ച് താഴെപ്പറയുന്ന അടിയന്തിരപ്രമേയം സെനററിൻെറ പരിഗണനയ്ക്കു വയ്ക്കുകയുണ്ടായി.

''ഷിഫ്ററ് സമ്പ്രദായം നടപ്പാക്കിയതി നെത്തുടർന്ന് ഉണ്ടായ തസ്തികകളിൽ ഈ വർഷം നിയമിതരായ അധ്യാപകർക്ക് വെക്കേഷൻ ശമ്പളം നിഷേധിക്കാനും, ജോലിയിൽനിന്നു പിരിച്ചുവിടാനും കേരള സർക്കാരിൻെറ ഭാഗത്തുനിന്നുള്ള നീക്കത്തിൽ നിന്നുണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം, യോഗത്തിൻെറ ഇതരനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് സെനററിൻെറ ഈയോഗം തീരുമാനിയ്ക്കുന്നു.''

ഷിഫ്ററ്വേക്കൻസി, റഗുലർവേക്കൻസിയാണ് എന്നുളള അഭിപ്രായമാണ് സിൻറിക്കേററിനുള്ളത്. അതുകൊണ്ട് അധ്യാപകരുടെ താൽപര്യമനുസരിച്ച് ഈ പ്രശ്നത്തിൻെറ പരിഹാരത്തിനുവേണ്ട നടപടികൾ യൂണിവേഴ്സിററി സ്വീകരിക്കാമെന്ന്, സിൻറിക്കേററിനുവേണ്ടി പ്രൊഫ. വി. നാരായണൻകുട്ടി മറുപടിപറഞ്ഞു.

**ബഡ്ജററ്**

1981–82–ലെ ഫിനാൻഷ്യൽ എസ്ററി

# ിക്കട്ട്
# വാർത്തകൾ

മേററ്, സിൻറിക്കേററംഗം പ്രൊഫ ആർ. ആർ. സി. നായർ സെനററിൻെറ അംഗീകാരത്തിനായി അവതരിപ്പിച്ചു.

1980– 81 ലെ പുതുക്കിയ എസ്ററിമേററനുസരിച്ച് മൊത്തം വരവ് 348.82 ലക്ഷം രൂപയും മൊത്തം ചെലവ് 352.52 ലക്ഷം രൂപയുമാണ്.

1981–'82 ലെ ബഡ്ജററ് എസ്ററിമേററനുസരിച്ച് മൊത്തം 435.22 ലക്ഷം രൂപാ വരവും 437.82 ലക്ഷം രൂപാ ചെലവും പ്രതീക്ഷിയ്ക്കുന്നു.

ബഡ്ജററിൻെറ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. ജോർജ് മേനാച്ചേരി, പ്രൊഫ എ. കെ. രാഘവൻനമ്പ്യാർ, പ്രൊഫ, കെ. സുകുമാരൻനായർ, എൻ. ശിവരാജൻ. ഡോ. സുകുമാരപ്പണിക്കർ, ജി. ഗോപാലകൃഷ്ണൻനായർ, പ്രൊഫ. സി. പി. അബദുൾ അസീസ്, പ്രൊ. സി. കെ. നാരായണൻ തുടങ്ങിയവർ സംസാരിച്ചു. പ്രൊഫ. ആർ. ആർ. സി. നായർ ചർച്ചയ്ക്ക് മറുപടിപറഞ്ഞു. തുടർന്ന് സെനററ് ബഡ്ജററ് പാസ്സാക്കി.

# കേരള യൂണിവേർസിററി സെനററ്

## ബഡ്ജററ് സമ്മേളനം

മാർച്ച് 26, 27 തീയതികളിൽ നടന്ന, കേരളാ യൂണിവേഴ്സിററി സെനററ്യോഗം പ്രധാനമായും ബഡ്ജററ് സമ്മേളനമായിരുന്നു. 667.71 ലക്ഷം രൂപ വരവും അത്രതന്നെ ചെലവും പ്രതീക്ഷിക്കുന്ന ഒരു സംതുലിത ബഡ്ജററ് എസ്ററിമേററ് ആണ് സിൻഡിക്കേററിനുവേണ്ടി ഫിനാൻസ് കമ്മിററി കൺവീനർ ശ്രീ. എസ്. രാമചന്ദ്രൻപിള്ള അവതരിപ്പിച്ചത്. ബഡ്ജററ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എ. കെ. പി. സി. ടി. എ. പ്രതിനിധികൾ നടത്തിയ പ്രസംഗങ്ങളുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

**പ്രൊഫ.കെ.സി. ചാക്കോ:–** പൊതുവേ സ്വാഗതാർഹമായ ഒരു ബഡ്ജററാണിത്. ചില അപാകതകൾ ചൂണ്ടിക്കാണിക്കുന്നു; യൂണിവേർസിററിക്ക് ഏററവും കൂടുതൽ വരുമാനം ലഭിക്കുന്നത് പരീക്ഷാ ഇനത്തിലാണ്. എന്നാൽഅതിൽ പ്രധാനപങ്കാളിത്തം വഹിക്കുന്ന അധ്യാപകനു നൽകുന്ന 'റമ്യൂണറേഷ്ന'ിൽ യൂണിവേഴ്സിററി തികഞ്ഞ അനാസ്ഥയാണു കാട്ടിയിരിക്കുന്നത്. പിച്ചക്കാശിനേക്കാൾ തുഛമാണെങ്കിൽകൂടി, അതുപോലും കൃത്യസമയത്തു നൽകുന്നില്ല. 1979 സെപ്റ്റംബർ പരീക്ഷക്കുള്ള റെമ്യൂണറേഷൻപോലും ഇന്നും നൽകിയിട്ടില്ല. യാത്രക്കൂലി ഇരട്ടിയായി വർദ്ധിച്ചിട്ടും, അധ്യാപകനു നൽകുന്ന യാത്രാബത്ത പണ്ടത്തെ പത്തുപൈസയിൽനിന്ന് ഒരുപൈസപോലും മുന്നോട്ടുനീങ്ങിയിട്ടില്ല. സെൻട്രലൈസ്ഡ് വാല്യേഷന് ഇന്നുകിട്ടുന്ന ഡി. എ. അധ്യാപകർ വാല്യേഷൻ ക്യാമ്പിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കു ചെറിയൊരു പരിഹാരംപോലുമാവുന്നില്ല.

**പ്രൊഫ. പി. നരേന്ദ്രൻ:–** യൂണിവേർസിററിയിലെ അധ്യാപകർക്ക് ഇന്ന് അംഗീകരിക്കപ്പെട്ട ഒരു വർക്ക്ലോഡ് ഇല്ല. തൻമൂലംസർവകലാശാലാ ഡിപ്പാർട്ടമെൻറുകൾ ഉദ്ദേശിക്കപ്പെട്ട ലക്ഷ്യം നിറവേററുന്നില്ല. ടീച്ചിങ് കംറിസർച്ച് ഡിപ്പാർട്ട്മെൻറ് അഫിലിയേററ

ഡ് കോളേജുകൾ നടത്തുന്ന ബിരുദാനന്തര കോഴ്സുകൾക്ക് ഒരു മാതൃകയായി വർത്തിക്കേണ്ടതാണ്. ഗവേഷണരംഗത്തും കാര്യമായ പുരോഗതിയുണ്ടാകണം. അധ്യാപക നിയമനത്തിന് അപ്രൂവൽ നൽകുന്നതിൽ കുററകരമായ വീഴ്ച യൂണിവേർസിററിയുടെ ഭാഗത്തുനിന്ന് ഇന്നുണ്ടാകുന്നുണ്ട്. സ്ഥലംമാററത്തിനു വിധേയരാകുന്ന അധ്യാപകർക്ക് അപ്രൂവൽ കിട്ടാത്തതുകൊണ്ട് ശമ്പളം നിഷേധിക്കപ്പെടുന്ന പ്രശ്നം ഗൗരവബുദ്ധ്യാ യൂണിവേഴ്സിററി കാണേണ്ടതാണ്. വി. സി. യും, പി. വി. സി. യും ഈ ഓഫീസിൽ തന്നെ കഴിഞ്ഞുകൂടുന്നത് ഭരണപരമായ തടസങ്ങൾ വർദ്ധിപ്പിക്കാനേ ഉതകുകയുള്ളൂ. പി. വി. സി. യുടെ ആസ്ഥാനം കാര്യവട്ടത്തേയ്ക്കു മാററിയാൽ കാര്യവട്ടം സെൻററിന്റെ ശോച്യാവസ്ഥയും ഒരു പരിധിവരെ പരിഹരിക്കാനാവും.

**പ്രൊഫ. ടി. എം. ജോസഫ്:-** കാര്യക്ഷമമായ ഒരു ബഡ്ജററല്ല ഇത്. കഴിഞ്ഞകാലങ്ങളിൽനിന്നും വ്യത്യസ്ഥമായി, ഓപ്പണിങ്ങ് ബാലൻസ് കാണിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. എന്നാൽ 'റൗണ്ട്ഫിഗർ' ആയി അതു രേഖപ്പെടുത്തിയിരിക്കുന്നത് സന്ദേഹമുളവാക്കുന്നു. ഒരുലക്ഷത്തിഎൺപതിനായിരം രൂപ കാര്യവട്ടത്തെ സെക്യൂരിററി സ്ററാഫ് തിന്നുമുടിക്കുന്നു. ആർക്കും സെക്യൂരിററി കിട്ടുന്നുമില്ല. രണ്ടുലക്ഷം വെറുതേ വെള്ളത്തിൽ കളയണമോ? ഗവൺമെൻറിന്റെ ഭാഗത്തുനിന്നും വർഷംതോറും ഗ്രാൻറ് കുറഞ്ഞുവരികയാണ്. ലോബിയിംഗ് നടത്തി, ഇതു വർദ്ധിപ്പിക്കാനുള്ള ശ്രമംനടത്തണം. പരീക്ഷയ്ക്കുള്ള പ്രതിഫലം ലഭിക്കാൻ ഇന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയും, ടി. എ., ഡി. എ. എന്നിവ വർദ്ധിപ്പിക്കയും വേണം. നാടിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ എന്ന കാഴ്ചപ്പാട് സ്വാഗതാർഹമാണ്. സ്കോളർഷിപ്പിന്റെ എണ്ണം വർദ്ധിപ്പിക്കുകയും, ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. അധ്യാപക അനധ്യാപക ജീവനക്കാർക്ക് ക്ഷേമപദ്ധതി എന്ന തലക്കെട്ടു കണ്ടപ്പോൾ ആകർഷകതതോന്നി. വായിച്ചുകേട്ടപ്പോൾ മല എലിയെ പ്രസവിച്ച മട്ടിലായി.

[ബഡ്ജററ് പ്രസംഗങ്ങളുടെ ബാക്കിയും; ചോദ്യോത്തരങ്ങൾ, അടിയന്തിരപ്രമേയങ്ങൾ എന്നിവയും അടുത്ത ലക്കത്തിൽ]

## വ്യാപകമായ സ്ഥലംമാററങ്ങൾ

